**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ:Dr.അദീല അബ്ദുള്ള ഐ എ എസ് )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം – ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 1124/63 അഗ്രി തീയതി, 27.12.1963.

2) 21.12.2023 തീയതിയിലെ സർക്കുലർ നമ്പർ ADFW/6831/2021-SH1.

**ഉത്തരവ് നമ്പർ ADFW/6831/2021-SH1 തീയതി . 20-07-2024**

കൃഷി വകുപ്പിൽ ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ 4 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ നിയമനം നല്കുന്നതിന് വേണ്ടി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന നിയമനം നൽകുവാൻ പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന നിയമനം നൽകുവാൻ താല്പര്യമുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. അതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 2 ഒഴിവുകളിലേക്ക് താഴെപ്പറയുന്ന ജീവനക്കാരെ തസ്തികമാറ്റത്തിലൂടെ ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിലേക്ക് 24400-55200ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ഒഴിവുള്ള കാര്യാലയങ്ങളിൽ നിയമിച്ചു ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്,തസ്തിക നിലവിലെ കാര്യാലയം | തസ്തികമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1. | രാജേഷ്. പി.പി,ഓഫീസ് അറ്റന്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസ് ,വയനാട് | പ്രിൻസിപ്പൽ കൃഷി ഓഫീസ് ,പാലക്കാട് |
| 2. | കണ്ണൻ. എസ് ഓഫീസ് അറ്റന്റന്റ് പ്രിൻസിപ്പൽ കൃഷി | പ്രിൻസിപ്പൽ കൃഷി ഓഫീസ് ,ആലപ്പുഴ |

ഓഫീസ്, കോട്ടയം

ടി ജീവനക്കാർ 2 വർഷ കാലയളവിനുള്ളിൽ 1 വർഷത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ ഉത്തരവാദിത്വത്തിൽ നിന്നും മേലധികാരികൾ വിടുതൽ ചെയ്ത /ജോലിയിൽ പ്രവേശിച്ച വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
Adeela Abdulla
Date: 20-07-2024 11:51:01

Dr ADEELA ABDULLA IAS
DIRECTOR

സ്വീകർത്താവ്

1) രാജേഷ്. പി.പി, പ്രിൻസിപ്പൽ കൃഷി ഓഫീസ് വയനാട്

2) കണ്ണൻ എസ്, പ്രിൻസിപ്പൽ കൃഷി ഓഫീസ് കോട്ടയം

പകർപ്പ്

പ്രിൻസിപ്പൽ കൃഷി ഓഫീസ് വയനാട്/കോട്ടയം/പാലക്കാട്/ആലപ്പുഴ

കരുതൽ ഫയൽ

IT Cell